# സൃഷ്ടി

**ജി എച്ച്  എസ് എസ് ബേത്തൂർപ്പാറ**



# ഉള്ളടക്കം


| | |
|---|---|
| ചരിത്രം | 1-2 |
| കൊക്കരക്കോ | 3 |
| കടലമ്മ | 4 |
| പൂമ്പാറ്റ | 5 |
| പൂവ് | 6 |
| കേരളനാട് | 7 |
| മുല്ല | 8 |
| മിന്നാമിനുങ്ങ് | 9 |
| ഭൂമിയും ആകാശവും | 10-11 |
| പൂമ്പാറ്റ | 12 |
| ജലം | 13 |
| നന്മ | 14 |
| സ്നേഹം | 15 |
| സ്വപ്നം | 16 |
| മിട്ടുവിന്റെ സൗഹൃദം | 17 |
| കുയിലും കൊക്കും | 18 |
| സമയം | 19 |
| രണ്ട് കാക്കകൾ | 20 |
| ഒറ്റപ്പെടൽ | 21-22 |

# ജി എച്ച്  എസ് എസ് ബേത്തൂർപ്പാറ



## ചരിത്രം

1974 മെയിൽ ഒരു പ്രൈമറി സ്കൂൾ എന്ന നിലയിലാണ് ഈ വിദ്യാലയം സ്ഥാപിതമായത്.ആദ്യ പ്രധാന അദ്ധ്യാപകൻ പി സി ചാക്കൊ. 1980-ൽ ഹൈസ്കൂളായും ഉയർത്തപ്പെട്ടു. ഹൈസ്കൂളിന്റെ ആദ്യ പ്രധാന അദ്ധ്യാപകനാണ് പൊടിയൻ.പി.ടി.എ.കമ്മിററിയുടെ രൂപകല്പനയിലും മേൽനോട്ടത്തിലും വിദ്യാലയത്തിന്റെ ഇപ്പോൾ നിലവിലുള്ള പ്രധാന കെട്ടിടം നിർമിക്കപ്പെട്ടു. 2000ത്തിൽ വിദ്യാലയത്തിലെ ഹയർ സെക്കണ്ടറി വിഭാഗം പ്രവർത്തനമാരംഭിച്ചു..പി.,ടി.എ.കമ്മിററിയുടെ ആദ്യ പ്രസിഡന്റ്  എ०.ഗോപാലൻ..പി.,ടി.എ.കമ്മിററിയുടെ ഇപ്പോഴതെത പ്രസിഡന്റ് കെ സുധീഷ്

## ഭൗതികസൗകര്യങ്ങൾ

മൂന്ന് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് 7കെട്ടിടങ്ങളിലായി 16 ക്ലാസ് മുറികളും ഹയർ സെക്കണ്ടറിക്ക് 2 കെട്ടിടത്തിലായി 4ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്. ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്.

രണ്ട് ലാബുകളിലുമായി ഏകദേശം അമ്പതോളം കമ്പ്യൂട്ടറുകളുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.

## പ്രശസ്തരായ പൂർവ്വ വിദ്യാർത്ഥികൾ

- വിജയലക്ഷ്മി.കെ.പി - ഐ എസ്.ആർ.ഒ സയൻ്റിസ്റ്റ്
- നിർമ്മല.എ -സയൻ്റിസ്റ്റ്, ജപ്പാൻ
- വേണു- സയൻ്റിസ്റ്റ് യു.എസ് എ
- ജസ്റ്റിസ് അയിങ്കൂറൻ ശങ്കരൻനായർ
- കെ തമ്പാൻ -കാലാവസ്ഥ ശാസ്ത്രജ്ഞൻ
- ജയൻ തോലിയാട്ട് - ചാർട്ടേഡ് എൻജിനിയർ
- ഡോ.ചന്ദ്രൻ.കെ.പി- CPCRI സയൻറിസ്റ്റ്

# കൊക്കരക്കോ


കോ കോ കോഴി കൊക്കരക്കോഴി
മാനത്ത് നോക്കി നിൽപ്പാണോ നീ
വെള്ളി നിലാവ് പരത്തും ചന്ദ്രനെ
കൂവി പറഞ്ഞു അയക്കാനോ
ചന്ദ്രൻ മറയും നേരം നോക്കി
സൂര്യനെ മാടി വിളിക്കാനോ
കലപില കലപില ചിലക്കും കിളിയെ
കൂവി വിളിപ്പതു നീയാണോ
വർണ്ണം വിതറും ചിറകുമായി
അരിമണി കൊത്തി തിന്നാനോ
കോ കോ കോഴി കൊക്കരക്കോഴി

അമൃത പി



# കടലമ്മ

കടലമ്മേടെ കുഞ്ഞു മക്കളാകുന്ന
ഞങ്ങളെ തഴുകി തലോലം പാടി
കടന്നു പോകുന്ന തിരമാലകൾ.........
പുകയുന്ന സൂര്യൻ്റെയാ
അഹങ്കാരം   തീർക്കാനായി
അന്തിനേരത്ത് കടലമ്മ
അവനെ ആഴങ്ങളിലേക്ക് തഴുകി താഴ്ത്തുന്നു......
വാനോളം പാറുന്ന വർണപട്ടത്തോടൊപ്പം
പറന്ന് മത്സരിക്കുന്ന പറവകൾ.......
മണൽത്തരിയിൽ ഞാൻ കുറിച്ചിട്ട
'കള്ളി കടലമ്മ 'യെ ഓളങ്ങൾ ഒപ്പം കൂട്ടി
കടലിലേക്ക് വലിച്ചിടുന്നു '



# പൂമ്പാറ്റ

പൂമ്പാറ്റ പൂമ്പാറ്റ
പാറി പാറി കളിക്കുന്ന പൂമ്പാറ്റ
പൂവുകൾ തോറും പൂമ്പാറ്റ
ആടിക്കളിക്കുന്ന പൂമ്പാറ്റ
എന്നോടൊത്തു കളിയ്ക്കാൻ വാ
പൂവിലെ മധുരം നുകരാൻ വാ
പൂ മധുവുണ്ട് മട്ടുക്കുമ്പോൾ
പൂവിൻ മേലെ ചാഞ്ഞുറങ്ങ്

അക്ഷയ്



# പൂവ്

പച്ചിലകൾക്കിടയിൽ നീയൊരു
വ്യത്യസ്തനായി നില നിന്നു
നിന്നിലെ മുള്ളുകൾ
എന്നെ വേദനിപ്പിക്കുമ്പോഴും
നിന്നിലെ സൗന്ദര്യം
എന്നെ പുളകമണിയിച്ചു
നിന്നിലെ സുഗന്ധം
എന്നിൽ സന്തോഷമുണ്ടാക്കി
കൊച്ചിളം കാറ്റിന്റെ കൈകളാലെ
പച്ചില തൊട്ടു തലോടി നിന്നു
ഉദയ സൂര്യന്റെ ചുവപ്പ്
നിന്നെ അസൂയയോടെ നോക്കി നിന്നു .

ആരവ് ചന്ദ്രൻ ഇ



# കേരള നാട്

കേരളമെന്നുടെ നാടാണ്
കേരം തിങ്ങും നാടാണ്
മാമാങ്കത്തിൻ നാടാണ്
മാമലയുള്ളൊരു നാടാണ്

പുഴകളൊഴുകും നാടാണ്
പാടം കൊയ്യും നാടാണ്
കടലും കായലും ഉണ്ടിവിടെ
ദൈവത്തിന്റെ നാടല്ലോ

കേരളമെന്നുടെ നാടാണ്
കേരം തിങ്ങും നാടാണ്
മാമാങ്കത്തിൻ നാടാണ്
മാമലയുള്ളൊരു നാടാണ്

അനാമിക



# മുല്ല

മുറ്റത്തെ മുല്ലയിലിന്നലെയന്തിക്കു
മുത്തു പോലഞ്ചാറുമൊട്ടു കണ്ടു
ഇന്നലെയന്തിക്കു കണ്ടയാമൊട്ടുകൾ
ഇന്നേക്കഞ്ചാറു മുല്ലയായി

മുറ്റത്തെ തെച്ചിയിലിന്നലെ പുലരിയിൽ
പൊന്നു പോലാറേഴ് പൂക്കൾ കണ്ടു
ഇന്നേക്ക് പുലരിയിൽ വാടാതെ നില്ക്കുന്നു
ഇന്നലെ കണ്ടയാതെച്ചി പൂക്കൾ ...

ഭൂമിക കെ



# മിന്നാമിനുങ്ങ്

മിന്നാ മിനുങ്ങേ മിന്നാ മിനുങ്ങേ
കുഞ്ഞാണെങ്കിലും എന്തൊരു ഭംഗി
ദീപനാളം പോൽ തെളിയും നീയെ
രജനി തൻ സുന്ദരിയായവളെ നിന്റെ
ഭംഗിയായി ,മഗ്നയാകും  ഞാൻ
രാവിൽ നീ സ്ഫുരിക്കുകയാണോ
നിന്നെ കണ്ടാൽ മമ ചിത്തത്തിൽ അനുഭൂതിയുണരും
നിദ്ര ഇല്ലെങ്കിൽ ഞാനും നിന്നെ കാണും താരാജാലം
പോൽ നിറയും നീയേ
നാകത്തിൽ നിന്നാണോ നീ വന്നത്
രാവിൻ തോഴീ
എന്റെ മിന്നാമിനുങ്ങേ നീ അഴകുറ്റവൾ

പ്രാർത്ഥന ചന്ദ്രൻ

# ഭൂമിയും ആകാശവും

ആകാശം ഭൂമിയെ നോക്കി ചോദിച്ചു
"നിന്റെ പച്ചപ്പെവിടെ?"
ഭൂമിക്കു ഉത്തരം മുട്ടി
വിതുമ്പിക്കരഞ്ഞിട്ട് ഇടറുന്ന ശബ്ദവുമായവൾ
പറഞ്ഞു
അവർ എല്ലാം നശിപ്പിച്ചു
എന്നിട്ട് തിരികെ ചോദിച്ചു
"നിന്റെ നീലിമയെവിടെ ?"
അതിരുകളില്ലാത്ത നീലാകാശം
ഉറക്കെയുറക്കെ ദീർഘനേരം കരഞ്ഞു

ആകാശം  കരഞ്ഞതും ഭൂമിയിൽ മഴ വന്നു
നാളുകളോളം
പാതയോരങ്ങളിൽ പുല്ലു മുളച്ചു
വിടർന്ന പുഞ്ചിരിയുമായി
അവ ഒന്നിച്ച് പറഞ്ഞു
"നന്ദി നീലാകാശമേ"
ഭൂമിയിൽ പച്ച പടർന്നു
ആകാശത്ത് നീലയും പരന്നു


ദേവാഞ്ജന വി കെ



# പൂമ്പാറ്റ

സുന്ദരിപ്പൂമ്പാറ്റേ സുന്ദരിപ്പൂമ്പാറ്റേ
പൂന്തേൻ ഉണ്ണുകയാണോ നീ
പൂവിലിരുന്ന് ഉറങ്ങാതെ
മധുരമൂറും തേൻ കുടിച്ച്
മധുരപ്പാട്ടുകൾ പാടീറ്റ്
പാറിപ്പാറി പോവുകയാണോ
എന്നോടൊത്തു കളിച്ചിടുമോ.
എന്നുടെ അരികിൽ ചേർന്നിടുമോ
നിന്നുടെ കൂട്ടായി ഞാൻ വന്നിടാം
വർണ്ണ ചിറകുള്ള പൂമ്പാറ്റേ

അനാമിക സുരേഷ് പി



# ജലം

നമ്മുടെ ജീവ ജലം
പാഴാക്കരുതേ ഒരു തുള്ളി
ചുട്ടു പൊള്ളുന്ന ചൂടിൽ
പിടയുകയാണ് പ്രകൃതി
ജലമില്ലെങ്കിൽ നാമില്ല
അത് അറിയുക ജനതേ

ഇ കെ ആനന്ദ്

കഥ

# നന്മ

ഒരു ഗ്രാമത്തിൽ രാമു എന്നൊരാൾ ജീവിച്ചിരുന്നു. അദ്ദേഹത്തിന് രണ്ടു മക്കളായിരുന്നു . പാർവതിയും ലക്ഷ്മിയും. പാർവ്വതി അതി സുന്ദരിയായിരുന്നു .പക്ഷെ ലക്ഷ്മി കുറച്ച് കറുത്തിട്ടാണ് .കറുത്തിട്ടായത് കൊണ്ട് അവളെ ആർക്കും ഇഷ്ടമല്ലായിരുന്നു .എല്ലാവരും അവളെ കറുമ്പി എന്ന വിളിച്ച കളിയാക്കുമായിരുന്നു . അങ്ങനെയിരിക്കെ ഒരു ദിവസം ജീവിതം മടുത്ത് ലക്ഷ്മി വീട് വിട്ട് ഇറങ്ങി . അവൾ നടന്നു നടന്നു മറ്റൊരു ഗ്രാമത്തിൽ എത്തി ചേർന്നു.ആ ഗ്രാമം സുന്ദരമായിരുന്നു. അവിടെ നന്മയുള്ള മനുഷ്യരായിരുന്നു. അവർ നിറത്തിന്റെ പേരിൽ അവളെ കളിയാക്കിയില്ല .ലക്ഷ്മി അവിടെ താമസിച്ചു . നല്ലൊരു നർത്തകിയായ ലക്ഷ്മിയെ ആ നാട് അംഗീകരിച്ചു . പിന്നീടൊരിക്കലും അവൾ സ്വന്തം ഗ്രാമത്തിലേക്ക് തിരിച്ച് പോയില്ല. നന്മയുള്ള നാട്ടിൽ അവൾ സന്തോഷത്തോടെ ജീവിച്ചു .

ആദിനാഥ് കെ

# സ്നേഹം

എന്റെ അമ്മയ്ക്ക് എന്നെ വളരെ ഇഷ്ടമായിരുന്നു. എനിക്കും അങ്ങനെ തന്നെ. എനിക്കൊരു അനിയത്തി ഉണ്ടായപ്പോൾ എന്റെ മനസ്സ് വേദനിച്ചു. എന്നോടുള്ള സ്നേഹം കുറയുമോ എന്ന ഭയപ്പെട്ടു . അപ്പോഴും അമ്മയ്ക്ക് എന്നോട് സ്നേഹം തന്നെയായിരുന്നു .അമ്മ അവളെ കുളിപ്പിക്കുമ്പോഴും അണിയിച്ചിരുക്കുമ്പോഴും എന്റെ മനസ്സ് വിഷമിച്ചു. ഞങ്ങൾ എന്നും വഴക്ക് കൂടും. ഞാൻ അവളെ ദ്രോഹിക്കുമായിരുന്നു. വർഷങ്ങൾകഴിഞ്ഞു.ഞങ്ങൾവലുതായി അവൾ പഠിച്ച് ഒരു അധ്യാപികയായി .ഇന്ന് അവളുടെ കല്യാണമാണ്. വധുവിന്റെവേഷത്തിൽ അവളെ കണ്ടപ്പോൾ എന്റെ കണ്ണ് നിറഞ്ഞു .എന്റെ കുഞ്ഞനുജത്തി ഇനി മറ്റൊരു വീട്ടിലാണ്. അവളോടുള്ള എന്റെ ദേഷ്യമെല്ലാം എവിടെ പോയെന്ന് ഞാൻ അത്ഭുതപ്പെട്ടു .അവളെ എനിക്ക് ഒരുപാട് ഇഷ്ടമാണെന്ന് ഞാൻ മനസിലാക്കി .എന്റെ കാൽ തൊട്ട് അവൾ അനുഗ്രഹം വാങ്ങിയപ്പോൾ ഞാൻ പൊട്ടിക്കരഞ്ഞു പോയി. ഇനി മുതൽ അവൾ എനിക്ക് പ്രിയപ്പെട്ടവളായിരിക്കുമെന്ന് ഞാൻ ഉറപ്പിച്ചു.

നിവിൻ കൃഷ്ണ ഇ

# സ്വപ്നം

ഒരു മഞ്ഞു പെയ്യുന്ന പുലരിയിൽ അമ്മയുടെ വിളി കേട്ടാണ് മിന്നുമോൾ എഴുന്നേറ്റത്. സ്കൂൾ ലീവായത് കൊണ്ട് എഴുന്നേൽക്കാൻ മടിച്ച മിന്നു പെട്ടന്നാണ് അന്ന് ക്രിസ്മസ് ആണെന്ന് ഓർത്തത്. പുൽക്കൂട് തയ്യാറാക്കി ക്രിസ്മസ് അപ്പൂപ്പനെ കാത്ത് ഇരിക്കണം. അവൾ അമ്മയോട് ചോദിച്ചു . "അമ്മേ നമ്മുടെ ഈ ഓല മേഞ്ഞ കുടിലിൽ ക്രിസ്മസ് പാപ്പ വരുമോ , എനിക്ക് ക്രിസ്മസ് പാപ്പ സമ്മാനം തരുമോ ? "ലക്രിസ്മസ് പാപ്പാ വരുമെന്ന് പറഞ്ഞു 'അമ്മ അവളെ ആശ്വസിപ്പിച്ചു. ഭക്ഷണം കഴിച്ച ശേഷം അവൾ ഒരു ഉച്ച മയക്കത്തിലായിരുന്നു. സ്വപ്നത്തിൽ ക്രിസ്മസ് അപ്പൂപ്പൻ അവളുടെ മുന്നിലെത്തി .കയ്യിലൊരു മുത്തവും സമ്മാനപ്പൊതിയും തന്നു പാപ്പ അകന്നകന്നു പോകുന്നത് അവൾ നോക്കി നിന്നു .തന്റെ സമ്മാനപ്പൊതി അവൾ തുറന്നു നോക്കി. മഞ്ഞപ്പുള്ളികളുള്ള ഒരു ഉടുപ്പ് .കൂടാതെ കുറെ കളിപ്പാട്ടങ്ങളും .സന്തോഷം കൊണ്ട് അവൾ തുള്ളിച്ചാടി.അവൾ ഉറക്കെ അമ്മയെ വിളിച്ചു .അമ്മ ഓടി വന്നു .എന്തിനാണ് വിളിച്ചതെന്ന് ചോദിച്ചു .എന്റെ സമ്മാനങ്ങൾ നോക്കു എന്നു മിന്നു പറഞ്ഞു ."എന്താ മോളെ നീ പറയുന്നേ ഇവിടെ ആരും വന്നില്ല മോൾ സ്വപ്നം കണ്ടതാ" എന്ന്അമ്മ പറഞ്ഞു. മിന്നു ചുറ്റും നോക്കി. അമ്മ പറഞ്ഞതാണ് സത്യം എന്നു അവൾ മനസിലാക്കി. അവളുടെ കണ്ണുകൾ നിറഞ്ഞു .എന്റെ മോൾക്ക് സമ്മാനവുമായി ഒരു മാലാഖയെത്തും എന്ന് അമ്മ പറഞ്ഞപ്പോൾ അവളുടെ കണ്ണുകൾ നക്ഷത്രം പോലെ തിളങ്ങി.ചുണ്ടിൽ പാൽ പുഞ്ചിരി വിരിഞ്ഞു. അവൾ അമ്മയെ കെട്ടിപ്പിടിച്ചു .

അനാമിക എം

# മിട്ടുവിന്റെ സൗഹൃദം

പണ്ട് പണ്ട് ഒരു കട്ടിൽ കിട്ടൻ എന്ന് പേരായ ദുഷ്ടനായ ഒരു കരടിയുണ്ടായിരുന്നു കിട്ടൻ കാട്ടിലെ എല്ലാ ചെറിയ മൃഗങ്ങളെയും ഉപദ്രവിക്കുമായിരുന്നു .ഒരു ദിവസം മിട്ടു മുയൽ ഒരു മരച്ചുവട്ടിൽ കിടന്നുറങ്ങുകയായിരുന്നു. പെട്ടന്ന് മിട്ടുവിന്റെ ദേഹത്ത് എന്തോ വന്നു വീണു . മിട്ടു ചുറ്റും നോക്കി .അതാ അവിടെ കിട്ടൻ ഇരുന്ന് ചിരിക്കുന്നു .അവനാണു കല്ലെറിഞ്ഞത് എന്ന അറിഞ്ഞിട്ടും മിട്ടു ഒന്നുംമിണ്ടാതെ നടന്നു.കുറച്ചു സമയത്തിന് ശേഷം ദൂരെ നിന്ന് ഒരു കരച്ചിൽ കേട്ടു .”രക്ഷിക്കണേ രക്ഷിക്കണേ ...” കരച്ചിൽ കേട്ട സ്ഥലത്തേക്ക് മിട്ടു ഓടിച്ചെന്നു . അവിടെ ചെന്ന് നോക്കുമ്പോൾ കിട്ടൻ തേനീച്ചകളുടെ കുത്തു കൊണ്ട് മുഖമൊക്കെ വീർത്തു വിഷമിച്ചിരിക്കുന്നു.ഇത് കണ്ട മിട്ടുവിനു സങ്കടം തോന്നി.മിട്ടു പറഞ്ഞു .”നീ എന്തിനാ തേനീച്ചകളെ ഉപദ്രവിച്ചത് അത് കൊണ്ടല്ലേ കുത്തിയത് .കാട്ടിലെ എല്ലാ ജീവികളെയും നീ ഉപദ്രവിക്കുന്നില്ലേ ?അത് കൊണ്ടാണ് നിനക്ക് ഇപ്പോൾ ഇങ്ങനെയൊരു പണി കിട്ടിയത് .സാരമില്ല നമുക്ക് പരിഹാരമുണ്ടാക്കാം” ഇങ്ങനെ പറഞ്ഞു മിട്ടു മുയൽ തിരിഞ്ഞോടി.എന്നിട്ട് കിട്ടാന് പുരട്ടാനുള്ള മരുന്നുമായി വന്നു .കിട്ടന്റെ മുഖത്തെല്ലാം മരുന്ന് പുരട്ടികൊടുത്തു .കിട്ടൻ ഒരു കാര്യം മനസ്സിലാക്കി ഈ കാട്ടിലുള്ള എല്ലാ ജീവികളും പാവമാണ്.”ഇനി മുതൽ എല്ലാവരും എന്റെ സുഹൃത്തുക്കളാണ്.ഇനി ഞാൻ ആരെയും ഉപദ്രവിക്കില്ല”. കിട്ടൻ പറഞ്ഞു .മിട്ടു സന്തോഷം കൊണ്ട് അവനെ കെട്ടിപ്പിടിച്ചു.

നിവേദ്യ പി

# കുയിലും കൊക്കും

ഒരിടത്ത് ഒരിടത്ത് ഒരു കുയിലും കൊക്കും ഉണ്ടായിരുന്നു . കുയിൽ കൊക്കിനോട് പറഞ്ഞു  എനിക്കാണ് നന്നായി  പാടാൻ കഴിയുന്നത്. അതിനു മറുപടിയായി കൊക്ക് കുയിലിനോട്   പറഞ്ഞു. എനിക്കാണ് കൂടുതൽ ഭംഗിയുള്ളത്. അപ്പോൾ അവിടേക്ക് തത്ത മുത്തശ്ശി വന്നു പറഞ്ഞു . ഓരോ പക്ഷികൾക്കും അതിന്റേതായ പ്രത്യേകതകളുണ്ട് . ആരും സ്വന്തം കഴിവിലോ സൗന്ദര്യത്തിന്റെ അഹങ്കരിക്കരുത്. അവർക്ക് തങ്ങളുടെ തെറ്റ് മനസ്സിലായി. പരസ്പരം ക്ഷമ പറഞ്ഞു  അവർ വഴക്ക് അവസാനിപ്പിച്ചു.

ദിയ  പ്രഭാകരൻ

# സമയം

ഇല്ലാത്ത സമയമത്രയും അപഹരിച്ച് നിങ്ങളാണെന്ന് ആത്മഗതം പകർത്താൻ പോലും ഒരു പേനയും പുസ്തകവും ഇല്ലാതെ പോയി . ഒടുവിൽ അവയെ അക്ഷരങ്ങളാക്കി കുറിച്ചിട്ടതും ഓൺലൈൻ താളുകളിൽ എന്നിട്ടതിന്റെ ലൈക്കും കമന്റും എണ്ണി സമയത്തെ വീണ്ടും കഴുത്തു ഞെരിച്ചു കൊന്നു കൊണ്ടിരുന്നു .

ആദർശ് മോഹൻ എം

# രണ്ട് കാക്കകൾ

ചിന്നുക്കാക്കയും മിന്നുക്കാക്കയും  വളരെ നല്ല കൂട്ടുകാരായിരുന്നു .
ഒരു ദിവസം അവർ തമ്മിൽ ഒരു തർക്കം .
"ഞാനാണ് നിന്നെക്കാൾ മിടുക്കി ."
"ആര് പറഞ്ഞു മിടുക്കി ഞാൻ തന്നെയാണ് "
"എന്നാൽ നമുക്ക് പരീക്ഷിച്ച് നോക്കിയാലോ ?"
"ശരി ഞാൻ റെഡി "
അങ്ങനെ അവർ പന്തയം തീരുമാനിച്ചു.കനമുള്ള സഞ്ചിയും കാലിൽ തൂക്കി പറക്കണം .ഏറ്റവും ഉയരത്തിൽ പറക്കുന്ന ആളാണ് വിജയി .അങ്ങനെ രണ്ട് പേരും പന്തയത്തിനു തയ്യാറായി .ചിന്നു ദുഷ്ട മനസ്സുള്ള കാക്കയായിരുന്നു . അവൾ സ്വന്തം സഞ്ചിയിൽ പഞ്ഞിയും മിന്നുവിന്റെ സഞ്ചിയിൽ ഉപ്പും നിറച്ചു .ചിന്നു മിന്നുവിനെക്കാൾ ഉയരത്തിൽ പറന്നു .കാരണം പഞ്ഞിക്ക്  ഭാരം കുറവല്ലേ .കുറച്ചു നേരം കഴിഞ്ഞപ്പോൾ മഴ പെയ്യാൻ തുടങ്ങി.ചിന്നുവിന്റെ പഞ്ഞി മഴയിൽ കുതിർന്ന് ഭാരം കൂടാൻ തുടങ്ങി .മിന്നുവിന്റെ സഞ്ചിയിലെ ഉപ്പ് അലിയാനും തുടങ്ങി .ഭാരം താങ്ങാൻ കഴിയാതെ ചിന്നു താഴെ വീണു.
ഗുണപാഠം : ചതി ഒരിക്കലും ജയിക്കില്ല

അക്ഷര കൃഷ്ണ

# ഒറ്റപ്പെടൽ

ഒരു കാടുണ്ടായിരുന്നു . ആ കാട്ടിലെ രാജാവായിരുന്നു സിംഹം .സിംഹം പറയുന്നതല്ലാതെ ഒന്നും ആ കാട്ടിലെ മൃഗങ്ങൾ ചെയ്യുകയില്ല . അവിടേക്ക് പുതിയതായി ഒരു ആന വന്നു ആനയ്ക്ക് കാട്ടിൽ സുഹൃത്തുക്കളായി ആരും ഉണ്ടായിരുന്നില്ല . ആന അങ്ങനെ നടന്നു പോകുമ്പോഴാണ് ഒരു മുയൽ ചാടി ചാടി വരുന്നത് കണ്ടത് .ആന മുയലിനോട് പോയി സംസാരിച്ചു .അപ്പോഴാണ് സിംഹ രാജൻ ആ വഴി വന്നത് .സിംഹം മുയലിനോട് പറഞ്ഞു " നീ ഇനി ഇവനോട് മിണ്ടുന്നതു കണ്ടാൽ നിന്നെ ഞാൻ കൊന്നു തിന്നും " . മുയൽ പേടിച്ച് ഓടിപ്പോയി . അങ്ങനെയിരിക്കെ സിംഹം ഒരു യോഗം നടത്തി .ആ നാട്ടിലെ എല്ലാ മൃഗങ്ങളും വന്നു . ആന മാത്രം വന്നില്ല . ആന ഒരു വലിയ പാറയുടെ പിറകിലിരുന്നു എല്ലാം കാണുന്നുണ്ടായിരുന്നു . സിംഹം മറ്റു മൃഗങ്ങളോട് പറഞ്ഞു ." ഇവിടെ പുതിയതായി ഒരു ആന വന്നിട്ടുണ്ട് , നിങ്ങൾ ആരും അവനോട് മിണ്ടരുത് .എന്റെ ആജ്ഞ ലംഘിച്ചു ആരെങ്കിലും അവനോട് മിണ്ടിയാൽ അവരെ ഞാൻ കൊല്ലും ".

 അപ്പോൾ ഒരു കാട്ടുപോത്ത് മുമ്പോട്ട് വന്നു പറഞ്ഞു "ഞങ്ങൾക്ക് എല്ലാ മൃഗങ്ങളും ഒരു പോലെയാണ് . ആനയെ കൂട്ടത്തിൽ കൂട്ടാതിരിക്കാൻ ഞങ്ങൾക്ക് കഴിയില്ല " കാട്ടുപോത്തിന്റെ അഭിപ്രായത്തോട് എല്ലാവരും യോജിച്ചു .
എല്ലാവരും ഒറ്റക്കെട്ടായി നിന്നപ്പോൾ സിംഹത്തിനു എതിർക്കാനും കഴിഞ്ഞില്ല . അങ്ങനെ ആൻ മുതൽ ആനയും അവരിൽ ഒരംഗമായി .

അലൻ പി ബി

# നന്ദി